കെ.റ്റി.ഡി.സി ഹോട്ടലുകളിലെ മാനേജർ നിയമന രീതി

170 (1105) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ടൂറിസം ഡവലപ്പ്മെന്റ് കോർപ്പറേഷന്റെ കീഴിലെ ഹോട്ടലുകളിൽ മാനേജർ ഗ്രേഡ് II നിയമനരീതി എപ്രകാരമാണെന്ന് വ്യക്തമാക്കാമോ ;

(ബി) മുൻപ് ഈ സ്ഥാപനങ്ങളിലേക്ക് മാനേജർ തസ്തികയിലേയ്ക്ക് നിയമനം നടത്തിയിട്ടുള്ളത് എപ്രകാരമാണെന്ന് വ്യക്തമാക്കാമോ ;

(സി) എംപ്ലോയ്മെന്റ്/പി.എസ്.സി മുഖേനയുള്ള നിയമനരീതി മാറ്റാനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ ;

(ഡി) ഇത്തരത്തിലുള്ള മാറ്റം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവരെ പ്രതികൂലമായി ബാധിക്കുമെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) പ്രസ്തുത നിയമനം എംപ്ലോയ്മെന്റ്/പി.എസ്.സി. മുഖേന നടത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കേരള ടൂറിസം ഡവലപ്പ്മെന്റ് കോർപ്പറേഷന്റെ കീഴിലുള്ള ഹോട്ടലുകളിൽ മാനേജർ ഗ്രേഡ് - 2 തസ്തികയിലേക്ക് നേരിട്ട് നിയമനം നടത്താറില്ല. ഗ്രേഡ് - 4 തസ്തികയിലേക്ക് നേരിട്ട് നിയമിക്കുന്നു. അർഹമായ മാനേജർമാരെ തുടർന്നുവരുന്ന ഒഴിവുകൾ കണക്കിലെടുത്ത് ഗ്രേഡ് - 3, ഗ്രേഡ്-2, ഗ്രേഡ് - 1 തസ്തികകളിലേക്ക് പ്രമോട്ടു ചെയ്തു നിയമിക്കുകയാണ് ചെയ്യുന്നത്.

(ബി) കോർപ്പറേഷന്റെ സർവ്വീസ് റൂളിന് വിധേയമായി നേരിട്ടുള്ള നിയമനമാണ് നടത്തിയിട്ടുള്ളത്.

(സി & ഡി) കെ.റ്റി.ഡി.സി.യിലെ മാനേജർ തസ്തിക പി.എസ്.സി. യുടെ പരിധിയിൽ കൊണ്ടുവന്നിട്ടുള്ളതല്ല. പ്രത്യേക യോഗ്യതയും കഴിവും ഈ നിയമനത്തിന് ആവശ്യമായതിനാൽ കെ.റ്റി.ഡി.സി. സർവ്വീസ് റൂൾ അനുസരിച്ച് പ്രമുഖ പത്രങ്ങളിലൂടെ പരസ്യപ്പെടുത്തി അപേക്ഷ ക്ഷണിച്ച് നിയമനം നടത്തി വരികയാണ്. ഈ തസ്തികയിൽ നിയമനത്തിനായി കൂടുതൽ കഴിവുള്ളതും മികച്ച പരിശീലനം ലഭിച്ചതുമായ ഉദ്യോഗാർത്ഥികളെ കണ്ടെത്തുന്നതിനായി കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ഹോട്ടൽ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടുകളിൽ നിന്ന് ക്യാമ്പസ് സെലക്ഷൻ നടത്താൻ തീരുമാനിച്ചു. അത് അനുസരിച്ചുള്ള നടപടികളും ഇപ്പോൾ സ്വീകരിച്ചിട്ടുണ്ട്.

(ഇ) ഇപ്പോൾ അനുവർത്തിച്ചുവരുന്ന നിയമനരീതിയിൽ ഉടനെ മാറ്റമൊന്നും വരുത്താൻ ഉദ്ദേശിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly